LIBRARY ARCHIVES Kerala Legislative Assembly

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

ഇന്റർനാഷണൽ സ്കിൽസ് പാർക്ക് തുടങ്ങുന്നതിനായി അങ്കമാലിയിലെ ഇൻകലിൽ കെട്ടിടം Lease വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്. ഇവിടെ ഓയിൽ & റിഗ്, മൾട്ടിസ്കിൽ, സെക്യൂരിറ്റി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി പങ്കാളികളെ കണ്ടെത്തുകയും ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. കൗശലകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രം തുടങ്ങുന്നതിന് പങ്കാളിയെ കണ്ടെത്തി ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കുകയും തിരുവനന്തപുരം കിൻഫ്രയിൽ കെട്ടിടം എടുക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. ആദ്യ ബാച്ചിന്റെ പരിശീലനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. ഏവിയേഷൻ അക്കാദമി സ്ഥാപിക്കുന്നതിന് പങ്കാളിയെ കണ്ടെത്തുകയും തിരുവനന്തപുരം ടെക്നോസിറ്റിയിൽ അഞ്ച് ഏക്കർ സ്ഥലം മാറ്റിവയ്ക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

കോങ്ങാട് മണ്ഡലത്തിൽ ഐ.ടി.ഐ.

261 (926) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ജില്ലയിൽ ഒരു ഐ.ടി.ഐ. മാത്രമാണുള്ളതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കോങ്ങാട് മണ്ഡലത്തിൽ സ്ഥലം നൽകിയാൽ മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു ഐ.ടി.ഐ. അനുവദിക്കുമോ ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ

ഉത്തരം

പാലക്കാട് ജില്ലയിൽ വ്യാവസായിക പരിശീലന വകുപ്പിന്റെകീഴിൽ നിലവിൽ മലമ്പുഴ, മലമ്പുഴ (വനിത), കഴൽമന്ദം, അട്ടപ്പാടി, വാണിയംകുളം, നെന്മേനി (വനിത) എന്നീ ആറ് ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 2013-14 സാമ്പത്തികവർഷം കൊഴിഞ്ഞാംപാറയിൽ ഭാഷാന്യൂനപക്ഷ മേഖലയിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോങ്ങാട് മണ്ഡലത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നകാര്യം തൽക്കാലം പരിഗണനയിലില്ല.